# കേരള സർവകലാശാല

സംഗ്രഹം

അധിക വിഭവ സമാഹരണം -സേവന നിരക്കുകളിൽ 5 % വർദ്ധനവ് വരുത്തികൊണ്ടുള്ള ഉത്തരവ് -കേരളസർവകലാശാലയിൽ നടപ്പാക്കുന്നതു - സംബന്ധിച്ച്

ഭരണവിഭാഗം എ 5 വകുപ്പ്

നം. എഡി .എ 5.03/9871/ 2019 തിരുവനന്തപുരം തീയതി :01.04.2019

പരാമർശം: സ .ഉ. (അച്ചടി)നം. 28/ 2019/ ധന തീയതി 08/03/2019

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖല /ഗ്രന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ മുഖേനയുള്ള എല്ലാ സേവനകൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജുകൾ എന്നിവയിൽ 01.04.2019 മുതൽ 5% വർദ്ധനവ് വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് കേരള സർവകലാശാലയിൽ അതേപടി നടപ്പിലാക്കികൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു .

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

ഒപ്പ്/-

ഷീലജോർജ്. എ
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണവിഭാഗം I)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്

(1) വി .സി /പി. വി. സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
(2) രജിസ്ട്രാർ/ എഫ്.ഒ/ സി .ഇ / ഡി.പി .ഡി എന്നിവരുടെ പി .എ മാർക്ക്
(3) എല്ലാ വകുപ്പ് മേധാവികൾക്കും
(4) എല്ലാ ജെ .ആർ / ഡി .ആർ /എ .ആർ മാർക്കും
(5) എ ആർ ക്യാഷ് / ക്യാഷ് കൌണ്ടർ ചാര്യാവട്ടം
(6)സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

അധിക വിഭവ സമാഹരണം - സേവന നിരക്കുകൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================

ധനകാര്യ (റവന്യൂ മോണിറ്ററിംഗ് സെൽ) വകുപ്പ്

**സ.ഉ (അച്ചടി) നം. 28/2019/ധന** തീയതി, തിരുവനന്തപുരം, 08/03/2019

===================================

പരാമർശം: സ.ഉ (കൈ) നം. 103/2019/ധന തീയതി 27.02.2019.

**<u>ഉത്തരവ്</u>**

വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖല / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് നൽകി വരുന്ന വിവിധ സേവനങ്ങൾക്ക് നിശ്ചിത ഫീസ് / ചാർജ്ജ് ഈടാക്കി വരുന്നുണ്ട്.

2) സംസ്ഥാനത്തിന്റെ സമഗ്ര പശ്ചാത്തല വികസനത്തിനും, സാമ്പത്തിക സുസ്ഥിരതയ്ക്കും നികുതിയേതര വരുമാനത്തിൽ വർദ്ധനവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തുമെന്ന് 2019-20 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിരുന്നു.

3) പ്രസ്തുത സാഹചര്യത്തിൽ സർക്കാർ വകുപ്പുകൾ പൊതുമേഖല / ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജ്ജുകൾ എന്നിവയിൽ 01/04/2019 മുതൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) നിലവിലെ എല്ലാ നിരക്കുകളിലും അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയ തുക അഞ്ച് രൂപയുടെ ഗുണിതമായ തുകയല്ലെങ്കിൽ, തൊട്ടടുത്ത അഞ്ചിന്റെ ഗുണിതമായ തുക പുതുക്കിയ നിരക്കായി നിശ്ചയിക്കേണ്ടതാണ്.

5) എല്ലാ സർക്കാർ വകുപ്പുകളും, പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങളും അതാതു വകുപ്പുകളുമായി ബന്ധപ്പെട്ട പുതുക്കിയ സേവന നിരക്കുകൾ വ്യക്തമാക്കിയുള്ള പ്രത്യേകം ഉത്തരവ്/നടപടിക്രമം പുറപ്പെടുവിക്കേണ്ടതും, ആയതിന്റെ പകർപ്പ് 31/03/2019 ന മുൻപ് ധനകാര്യ വകുപ്പിലേക്ക് ലഭ്യമാക്കേണ്ടതുമാണ്.

മേൽ പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മനോജ് ജോഷി**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

1. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
5. എല്ലാ വകുപ്പ് മേധാവികൾക്കും
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും / സ്പെഷ്യൽ സെക്രട്ടറിമാർക്കും / അഡീഷണൽ സെക്രട്ടറിമാർക്കും / ജോയിൻറ് സെക്രട്ടറിമാർക്കും / ഡെപ്യൂട്ടി സെക്രട്ടറിമാർക്കും / അണ്ടർ സെക്രട്ടറിമാർക്കും.
7. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
8. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
9. ഗവർണ്ണറുടെ സെക്രട്ടറിക്ക്
10. മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
11. ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
12. പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
13. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
14. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
15. സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
16. രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ (ആമുഖ കത്ത് സഹിതം)
17. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
18. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
19. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
20. നോഡൽ ഓഫീസർ, www.finance.kerala.gov.in
21. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ